പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 355 13-10-2026-ൽ മറുപടിയ്ക്ക്

ഓപ്പറേഷൻ ത്രഫാൻ 2.0

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. അപു ജോൺ ജോസഫ്	ശ്രീ. രമേശ് ചെന്നിത്തല
ശ്രീ. ഷിബു തെക്കുംപുറം	(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)
ശ്രീ. വിനു ജോബ് കുഴിമണ്ണിൽ	

(എ) ഓപ്പറേഷൻ ത്രഫാൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുള്ള ലക്ഷ്യപ്രാപ്തി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ അറിയിക്കാമോ;

മറുപടി: ഉണ്ട്. ഓപ്പറേഷൻ ത്രഫാൻ പദ്ധതിയുടെ വിലയിരുത്തലിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും കൗൺസിലിംഗിനും പുനരധിവാസത്തിനും പ്രത്യേക പ്രാധാന്യം നൽകിയതിനാൽ, ലഹരി വിതരണ ശൃംഖലകൾക്കെതിരായ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിലും പൊതുജനങ്ങളിൽ ലഹരിവിരുദ്ധ അവബോധം സൃഷ്ടിക്കുന്നതിലും ഒന്നാം ഘട്ടം ലക്ഷ്യപ്രാപ്തി കൈവരിച്ചു.

(ബി) ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനും ഗ്രാമകേന്ദ്രീകൃത ലഹരി നിർവ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഓപ്പറേഷൻ ത്രഫാൻ കൂടുതൽ ശക്തിപ്പെടുത്തന്നതിനായി രണ്ടാം ഘട്ടം ഓപ്പറേഷൻ ത്രഫാൻ 2.0 തദ്ദേശം എന്ന പേരിൽ 2026 സെപ്റ്റംബർ 28-ന് മലപ്പുറം വേങ്ങരയിൽ വച്ച് ഔദ്യോഗികമായി സംസ്ഥാന തല ഉദ്ഘാടനം നടന്നിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ത്രഫാൻ വാർഡ് തല ജനപങ്കാളിത്തം, പ്രത്യേക ത്രഫാൻ ഗ്രാമസഭകൾ, പോലീസ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകളുടെ ഏകോപനം എന്നിവയിലൂടെ ലഹരി ഉപയോഗത്തിലേക്ക് വഴുതിപ്പോകാൻ സാധ്യതയുള്ള വരെ നേരത്തേ കണ്ടെത്തി കൗൺസിലിംഗ്, ചികിത്സ, പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതിനും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്.

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളും സവിശേഷതകളും താഴെ പറയുന്നതാണ്-

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 20,999 വാർഡുകളിലും ളഹാൻ വാർഡ് തല ജാഗ്രതാ സമിതികൾ രൂപികരിക്കുകയും, ളഹാൻ ഗ്രാമസഭകൾ മുഖേന പ്രാദേശിക തലത്തിലുള്ള ലഹരി പ്രശ്നങ്ങൾ കണ്ടെത്തി പ്രതിരോധ നടപടികൾ ആസൂത്രണം ചെയ്യുകയും ചെയ്യും. 'ളഹാൻ കെയർ' പദ്ധതിയിലൂടെ കൗൺസിലിംഗ്, ലഹരി വിമുക്ത ചികിത്സ, പുനരധിവാസം, സാമൂഹിക പുന:സംയോജനം എന്നിവ ഉറപ്പാക്കുന്നതിനും, സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും സ്കൂൾ/കോളേജ് സംരക്ഷണ ഗ്രൂപ്പുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും. ടോൾ ഫ്രി, വാട്സ്ആപ്പ്, ക്യ.ആർ. കോഡ് തുടങ്ങിയ രഹസ്യ വിവര കൈമാറ്റ സംവിധാനങ്ങൾ വിപുലീകരിക്കുകയും, കുടുംബശ്രീ, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, യുവജനകാര്യ, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപനം ശക്തിപ്പെടുത്തുകയും ചെയ്യും. ഓരോ വാർഡിലും 12 മാസത്തെ പ്രവർത്തന കലണ്ടർ അടിസ്ഥാനമാക്കി ബോധവൽക്കരണ പരിപാടികൾ, ലഹരി ഹോട്ട്സ്പോട്ടുകൾ കണ്ടെത്തൽ, കൗൺസിലിംഗ് ക്യാമ്പുകൾ, യുവജനങ്ങളുടെ കായിക-കലാ പ്രവർത്തനങ്ങൾ, കുടുംബ സന്ദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(സി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലഹരിയിൽ നിന്ന് മുക്തി നേടുന്നവരുടെ പുനരധിവാസത്തിന് മുൻഗണന നൽകുമോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> ബോധവൽക്കരണം ശക്തിപ്പെടുത്തുക, പ്രതിരോധം, നേരത്തെയുള്ള കണ്ടെത്തൽ, ഹോട്ട്സ്പോട്ടുകൾ തിരിച്ചറിയൽ, കൃത്യമായ വിവരശേഖരണം, കൗൺസിലിംഗ്, ചികിത്സ, ലഹരിവിമുക്തി, പുനരധിവാസം എന്നിവ ആവശ്യമുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉചിതമായ റഫറൽ സംവിധാനം എന്നിവയാണ് **ളഹാൻ തദ്ദേശം** ലക്ഷ്യമിടുന്നത്. ലഹരി വിമുക്ത പുനരധിവാസ പ്രവർത്തനങ്ങൾക്കായി സർക്കാർ ഫണ്ട് അനുവദിക്കുകയും എല്ലാ ജില്ലകളിലും കൗൺസിലിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് "ലഹരി ഉപയോഗം കുറയ്ക്കുന്നതിനുള്ള ദേശീയ കർമ്മപദ്ധതി' (National Action Plan for Drug Demand reduction) കീഴിലാണ് പുനരധിവാസ സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്.

ലഹരി ആസക്തി ചികിത്സിച്ച് ഭേദമാക്കവുന്ന ഒരു ആരോഗ്യ അവസ്ഥയാണന്ന തത്വം പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് ളഹാൻ കെയർ. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (IMA), സൈക്യാട്രിസ്റ്റുകളുടെയും പീഡിയാട്രിഷ്യൻമാരുടെയും മറ്റ് അസോസിയേഷനുകൾ, ആശുപത്രികൾ, ആരോഗ്യ വകുപ്പ്, ജില്ലാതല സഹായ കേന്ദ്രങ്ങൾ, ഹെൽപ്പ് ലൈനുകൾ

എന്നിവയുമായി സഹകരിച്ചാണ് പ്രാഥമിക കൗൺസിലിംഗും, അക്യൂട് വിത്ഡ്രോവൽ മാനേജ്മെന്റും നൽകുന്നത്. കുറഞ്ഞ അളവിൽ ലഹരി വസ്തുക്കളുമായി പിടിക്കപ്പെടുന്ന കൗമാരക്കാരെയും ആദ്യമായി ഉപയോഗിക്കുന്നവരെയും നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ക്ലിനിക്കൽ വിലയിരുത്തലിനായി പോലീസ് വഴി തിരിച്ചുവിടുന്ന "ഡൈവേർഷൻ മോഡൽ" ആയി ആണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇരകളെ പുനരധിവസിപ്പിച്ച് സാധാരണ ജീവിതത്തിലേക്ക് തിരിക കൊണ്ടുവരുന്നതിലാണ് ഈ പദ്ധതി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

(ഡി) അന്തർ സംസ്ഥാന, അന്തർദേശീയ ബന്ധമുള്ള മയക്കുമരുന്ന് കേസുകളുടെ അന്വേഷണത്തിനായി പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: അന്തർ സംസ്ഥാന, അന്തർദേശിയ ബന്ധമുള്ള മയക്കുമരുന്ന് കേസുകളുടെ അന്വേഷണത്തിനായി നമ്മുടെ സംസ്ഥാനത്ത് ആന്റി നാർക്കോട്ടിക് ടാസ്ക് ഫോഴ്സ് (ANTF) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ ANTF-ലെയും മറ്റ് കേന്ദ്ര ഏജൻസികളുടെയും നോഡൽ ഓഫറീസർമാരുമായി സഹകരിച്ച് കൂടുതൽ അന്വേഷണം നടത്തുന്നുണ്ട്. ഡാർക്ക്നെറ്റ് പ്രവർത്തനങ്ങൾ, ക്രിപ്റ്റോ കറൻസി ഇടപാടുകൾ, സൈബർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മറ്റ് ലഹരിമരുന്ന് കടത്ത് എന്നിവ നിരീക്ഷിക്കാനും അന്വേഷിക്കാനും ANTF-ൽ ഒരു പ്രത്യേക വിഭാഗം (cell) രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ ഈ വിഭാഗം രൂപീകരിക്കും.

ഡിജിറ്റൽ ഇന്റലിജൻസ് ശേഖരണം, വിശകലനം, അന്വേഷണം, നിയമനടപടി എന്നിവയിലെ ശേഷി വർദ്ധിപ്പിക്കുന്നതിനായി മതിയായ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയും അനുയോജ്യമായ സാങ്കേതിക സംവിധാനങ്ങളെയും ഇവിടെ സജ്ജമാക്കും. ഓൺലൈൻ വഴിയുള്ള പുതിയ ലഹരിമരുന്ന് കടത്ത് ശൃംഖലകളെ സമയബന്ധിതമായി തിരിച്ചറിയാനും, സൈബർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ലഹരിമരുന്ന് കുറ്റകൃത്യങ്ങൾക്കെതിരെ ഏകോപിത നടപടികൾ ശക്തിപ്പെടുത്താനും ഈ സംരംഭം സഹായിക്കും. ലഹരിമരുന്ന് കേസുകളിൽ അറസ്റ്റിലായവരുടെ വിവരങ്ങൾ ക്രോഡീകരിക്കുന്ന ഒരു കേന്ദ്രീകൃത ഡാറ്റാബേസ് എന്ന നിലയിൽ, ലഹരിമരുന്ന് സംബന്ധമായ കുറ്റകൃത്യങ്ങളെ നേരിടുന്നതിൽ 'നിദാൻ' (NIDAAN) പോർട്ടൽ ഒരു സുപ്രധാന സംരംഭമാണ്. മയക്കുമരുന്ന് കേസുകൾ അന്വേഷിക്കുമ്പോൾ, കുറ്റവാളികളെക്കുറിച്ചുള്ള പ്രസക്തമായ

വിവരങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്വേഷണ ഏജൻസികൾക്ക് വിവരങ്ങൾ കണ്ടെത്തുന്നതിന് ഈ പോർട്ടൽ സഹായിക്കുന്നു.

സെക്ഷൻ ഓഫീസർ